# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/229/2017 2017 നവംബർ 01

## പത്രക്കുറിപ്പ്

## മഹാത്മാഗാന്ധി സർവ്വകലാശാല ഓൺലൈൻ പേമെന്റ് വിജയകരം

2010 മുതൽ വിവിധ യു.ജി./പി.ജി. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം കേന്ദ്രീകൃത പ്രവേശന സംവിധാനം വഴി വിജയകരമായി നടപ്പിലാക്കി വരുന്ന മഹാത്മാഗാന്ധി സർവ്വകലാശാല കേരളപ്പിറവി ദിനമായ നവംബർ ഒന്നു മുതൽ സർവ്വകലാശാലയിൽ നിന്നുമുള്ള വിവിധ സേവനങ്ങൾക്കുള്ള ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള ഇ പേമെന്റ് സംവിധാനം നടപ്പിൽ വരുത്തി. ഇതിനു മുമ്പ് സർവ്വകലാശാല കാഷ് കൗണ്ടറുകൾ വഴിയോ ജനസേവന കേന്ദ്രങ്ങൾ വഴിയോ ഫീസ് ഒടുക്കിയിരുന്ന വിദ്യാർത്ഥികൾക്കും മറ്റ് ഗുണഭോക്താക്കൾക്കും ഇനി മുതൽ സർവ്വകലാശാലയിൽ വരാതെ തന്നെ ഓൺലൈനായി ഫീസ് ഒടുക്കാം. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള 250ൽപ്പരം കോളേജുകൾക്കും ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്കും ഓൺലൈൻ ഫീസ് സൗകര്യം ലഭ്യമാകും. ഓൺലൈൻ പേമെന്റ് ഗേറ്റ്വേയിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് ബാങ്കിംഗ് വഴിയും ഫീസ് ഒടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. സർവ്വകലാശാലയിൽ നിന്നും ലഭ്യമാകേണ്ട ഓരോ സേവനത്തിനും ഒടുക്കേണ്ട ഫീസുകളെ സംബന്ധിച്ച വിശദ വിവരങ്ങൾ www.epay.mgu.ac.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ഓൺലൈൻ ഫീസ് ഒടുക്കുന്നതിനായി അപേക്ഷകൻ സർവ്വകലാശാല വെബ്സൈറ്റിലെ (www.mgu.ac.in) ഓൺലൈൻ പേമെന്റ് എന്ന ലിങ്കിലൂടെയോ www.epay.mgu.ac.in എന്ന വെബ്സൈറ്റിൽ നേരിട്ട് പ്രവേശിക്കുകയും, തുടർന്ന് ഏതു ഫീസ് ആണോ ഒടുക്കേണ്ടത് അതിനെ സംബന്ധിച്ച വിവരങ്ങൾ തെരഞ്ഞെടുത്ത് അതിന്റെ പേര്, രജിസ്റ്റർ നം. മൊബൈൽ നമ്പർ, ജനന തീയതി, ഇ മെയിൽ ഐഡി, മേൽ വിലാസം എന്നിവ നൽകി ഓൺലൈൻ പേമെന്റ് ഗേറ്റ്വേ വഴി ഫീ ഒടുക്കേണ്ടതും തുടർന്ന് ലഭ്യമാവുന്ന രസീതിന്റെ പ്രിന്റൗട്ട് അപേക്ഷയോടൊപ്പമ സമർപ്പിക്കേണ്ടതുമാണ്.

ഓൺലൈൻ പേമെന്റ് നിലവിൽ വന്നതോടെ സർവ്വകലാശാല വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സേവനങ്ങൾ മികവുറ്റതാക്കിയിരിക്കുകയാണ്. ലോകത്തെമ്പാടുമുള്ള ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇതോടെ സർവ്വകലാശാല ക്യാഷ് കൗണ്ടറുകളിലേയും എസ്.ബി.ഐ. ശാഖകളിലേയും ഫീസ് ഒടുക്കാനുള്ള വൻ തിരക്കും ഒഴിവാകും. ഇനിമുതൽ സർവ്വകലാശാല ക്യാഷ് കൗണ്ടറുകൾ പ്രവർത്തിക്കുന്നതല്ല. എസ്.ബി.ഐ.യുടെ ശാഖകൾ, ജനസേവന കേന്ദ്രം എന്നിവ വഴിയും ഫീസ് സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് ഓൺലൈൻ പേമെന്റ് ക്ലേശരഹിതമാക്കുന്നതിനായി സർവ്വകലാശാല പോസ്റ്റ് ഓഫീസ് വഴിയും എസ്.ബി.ഐ. ഇ പേമെന്റ് സംവിധാനം വഴിയും ഫീസ് സ്വീകരിക്കുന്നതിനുള്ള സംവിധാനവും താമസം വിനാ ഏർപ്പെടുത്തുന്നതാണ്. കൂടാതെ ഓൺലൈൻ പേമെന്റ് സംബന്ധിച്ച പരാതി പരിഹാരത്തിനും മറ്റ് സഹായങ്ങൾക്കുമായി സർവ്വകലാശാല വിപുലമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഓൺലൈൻ പേമെന്റ് സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് മലയാളത്തിലും ഇംഗ്ലീഷിലുമുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ, എഫ്.എ.ക്യു എന്നിവ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

**എം.ജി.യുടെ ആദ്യ ഓൺലൈൻ പേമെന്റ് ദിവ്യാ തോമസിന്റെ പേരിൽ**

എം.ജി.യുടെ ഓൺലൈൻ പേമെന്റ് സംവിധാനത്തിലെ ആദ്യ പേമെന്റ് ഊന്നുക്കൽ പുത്തൻ വട്ടപ്പിള്ളിൽ ദിവ്യ തോമസാണ് നടത്തിയത്. കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റിനായുള്ള ഫീസാണ് ദിവ്യ ഓൺലൈനായി ഒടുക്കിയത്.

**എം.ജി.യിൽ സർട്ടിഫിക്കറ്റുകളും ഇനി മുതൽ ഓൺലൈനായി**

എം.ജി. സർവ്വകലാശാലയിൽ സർട്ടിഫിക്കറ്റുകളും ഇനി മുതൽ ഓൺലൈനായി നൽകും. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ എലിജിബിലിറ്റി/ഇക്വലൻസി സർട്ടിഫിക്കറ്റുകൾ നവംബർ ഒന്നു മുതൽ ഓൺലൈനായി നൽകിത്തുടങ്ങി. ഇതിനായി അപേക്ഷകൻ സർവ്വകലാശാല വെബ്സൈറ്റിലൂടെ അപേക്ഷിക്കേണ്ടതും ഓൺലൈനായി അപേക്ഷ ഫീസ് ഒടുക്കേണ്ടതുമാണ്. തുടർന്ന് സർട്ടിഫിക്കറ്റ് തയ്യാറാക്കുന്ന ഓരോ തലത്തിലും ആയതു സംബന്ധിച്ച എസ്.എം.എസ്. അപേക്ഷകനു ലഭിക്കും. തുടർന്ന് സർട്ടിഫിക്കറ്റ് ഇ മെയിലായി അപേക്ഷകനു ലഭ്യമാക്കും. ഇതോടെ, സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി സേവനങ്ങൾക്കായുള്ള ഏകജാലക സംവിധാനം സർവ്വകലാശാല ഒരുക്കും. ഓൺലൈൻ സർട്ടിഫിക്കറ്റ് വിതരണത്തിന്റെ ആദ്യ ഗുണഭോക്താവ് കിളിമാനൂർ കളിയറ വീട്ടിൽ പിങ്കു കൃഷ്ണനനാണ്. ഈക്വലൻസി സർട്ടിഫിക്കറ്റാണ് സർവ്വകലാശാലയുടെ ഓൺലൈൻ സംവിധാനത്തിലൂടെ നൽകിയത്. ഈക്വലൻസി/എലിജിബിലിറ്റി സർട്ടിഫിക്കറ്റുകൾക്ക് പുറമെ മറ്റ് സർട്ടിഫിക്കറ്റുകളും ഓൺലൈനായി വിതരണം ചെയ്യുന്നതിനുള്ള സൗകര്യം ഘട്ടം ഘട്ടമായി സർവ്വകലാശാല ഒരുക്കുന്നതാണ്.

## എം.ജി. വനിതാ വോളിബോൾ ടീമിന് സ്വീകരണം

അഖിലേന്ത്യാ അന്തർ സർവ്വകലാശാലാ വനിതാ വോളിബോൾ കിരീടം സ്വന്തമാക്കിയ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വനിതാ വോളിബോൾ ടീമിന് പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ നേതൃത്വത്തിൽ പൂച്ചെണ്ടും മധുരവുമായി സ്വീകരണം നൽകി. കണ്ണൂർ മങ്ങാട്ടുപറമ്പ് സ്റ്റേഡിയത്തിൽ നടന്ന അന്തർസർവ്വകലാശാലാ വനിതാ വോളിബോൾ ചാമ്പ്യൻഷിപ്പിൽ കണ്ണൂർ സർവ്വകലാശാലാ ടീമിനെയാണ് ജെ. മാത്യൂസ് പരിശീലകനായുള്ള എം.ജി.യുടെ ടീം പരാജയപ്പെടുത്തിയത്. കോട്ടയം റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങിയ എം.ജി. ടീമിനെ സ്വീകരിക്കാൻ സിൻഡിക്കേറ്റംഗങ്ങായ ഡോ. കെ. ഷെറഫുദ്ദീൻ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവരും സന്നിഹിതരായിരുന്നു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ നിക്സി തോമസ്, അനന്യ അനീഷ്, ശരണ്യ എൻ.എസ്., സനീഷ ഇ.പി., ജിൻസി ജോൺസൺ, ആൽബിൻ തോമസ്, അനഘ എൻ.പി., ശ്രുതി. സി., ആലുവ സെന്റ് സേവ്യേഴ്സ് കോളേജിലെ അശ്വതി രവീന്ദ്രൻ, ജിഷ കെ.എസ്., എറണാകുളം സെന്റ് തെരേസാസ് കോളേജിലെ സർഗ്ഗ കെ.എസ്., പാലാ അൽഫോൻസാ കോളേജിലെ അതുല്യ യു. എന്നിവരാണ് ടീമംഗങ്ങൾ. പ്രസീദ മാത്യു ടീം മാനേജരും.

**അടിക്കുറിപ്പ്**
**അഖിലേന്ത്യാ അന്തർ സർവ്വകലാശാലാ വനിതാ വോളിബോൾ കിരീടം നേടിയ എം.ജി. ടീമിന് പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ കോട്ടയം റെയിൽവേ സ്റ്റേഷനിൽ സ്വീകരണം നൽകുന്നു**

**അപേക്ഷാ തീയതി**

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ ഒന്നാം സെമസ്റ്റർ എം.ഫിൽ സുവോളജി (2014 – 15 ബാച്ച്) പരീക്ഷകൾ നവംബർ 14ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർഫൈനോടെ 8 വരെയും സ്വീകരിക്കും.

രണ്ടാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, ബ്രോഡ്കാസ്റ്റിംങ് & ജേർണലിസം (2016 അഡ്മിഷൻ റഗുലർ) എന്നീ പ്രോഗ്രാമുകളുടെ പരീക്ഷ നവംബർ 17ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 7 വരെയും 50 രൂപ പിഴയോടെ 8 വരെയും 500 രൂപ സൂപ്പർഫൈനോടെ 10 വരെയും സ്വീകരിക്കും. ഇന്റേണൽ മാർക്കുകൾ നിശ്ചിതസമയത്തിനുള്ളിൽ അപ്ലോഡ് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന കോളേജുകളിൽ നിന്നും സർവ്വകലാശാലാ ഉത്തരവിൻ പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്.

അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി & മ്യൂസിയോളജി (പുതിയ സ്കീം) കോഴ്സിന്റെ ഒന്നും രണ്ടും മൂന്നും വർഷ പരീക്ഷകൾ യഥാക്രമം നവംബർ 17, 24, ഡിസംബർ 1 എന്നീ തീയതികളിൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സ്വീകരിക്കും.

രണ്ടാം വർഷ ബി.എസ്.സി. എം.ആർ.ടി. (2015 അഡ്മിഷൻ റഗുലർ, 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 15ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 4 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 7 വരെയും സ്വീകരിക്കും.

**പുതുക്കിയ പരീക്ഷാ തീയതി**

നാലാം സെമസ്റ്റർ എം.എസ്.സി. ഫിഷറി ബയോളജി & അക്വാകൾച്ചർ (പുതിയ സ്കീം 2015 അഡ്മിഷൻ റഗുലർ & 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 8 മുതൽ ആരംഭിക്കുന്നതിനായി പുതുക്കി നിശ്ചയിച്ചു.

**വൈവാവോസി**

2017 ഒക്ടോബർ/നവംബർ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക് മാനേജ്മെന്റ് ഡിഗ്രി പരീക്ഷയുടെ ഇന്റേൺഷിപ്പ് വൈവാവോസി പരീക്ഷ നവംബർ 16, 17 തീയതികളിൽ മാറമ്പള്ളി എം.ഇ.എസ്. കോളേജിലും എറണാകുളം സെന്റ് ആൽബർട്സ് കോളേജിലും വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 മെയ് മാസം നടത്തിയ ഒന്നും രണ്ടും നാലും സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി (പുതിയ സ്കീം, പഴയ സ്കീം, മേഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 16 വരെ അപേക്ഷിക്കാം.

അഫിലിയേറ്റഡ് കോളേജുകളിലേയും സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസിനു കീഴിലെ സ്ഥാപനങ്ങളിലെയും ഒന്നാം സെമസ്റ്റർ ബി.എഡ്. (ദ്വിവത്സരം, ക്രെഡിറ്റ് & സെമസ്റ്റർ - 2017 അഡ്മിഷൻ റഗുലർ/2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ നവംബർ 28ന് ആരംഭിക്കും. അപേക്ഷകർ പിഴയില്ലാതെ നവംബർ 4 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 10 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുവർ പേപ്പറൊന്നിന് 20 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

**എം.ജി.യിൽ കേരളപ്പിറവി ദിനാഘോഷം**

മഹാത്മാഗാന്ധി സർവ്വകലാശാല ഗാന്ധിയൻ പഠന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗാന്ധി ഭവനിൽ നടന്ന കേരളപ്പിറവി ദിനാഘോഷങ്ങളും ശ്രേഷ്ഠഭാഷാ വാരാചരണവും വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. പാഠ്യപദ്ധതികൾ കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടത് അനിവാര്യമാണെന്ന് വൈസ് ചാൻസലർ തന്റെ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. വകുപ്പ് മേധാവി ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, അസിസ്റ്റന്റ് പ്രൊഫസർ കെ.എ. മഞ്ജുഷ, റവ. ഡോ. കെ.എം. ജോർജ്, ആകാശവാണി പ്രഭാഷകൻ വി.എ. പുരുഷോത്തമൻ നായർ, ഡോ. രാജേഷ് കടമാൻചിറ, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ അരുൺ കെ.എ., ഗവേഷണ വിദ്യാർത്ഥികളായ ജെയിംസ് ഫിലിപ്പ്, സിനു തോമസ് എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

**എം.ജി. സർവ്വകലാശാല ഗാന്ധിയൻ പഠനവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന കേരളപ്പിറവി ദിനാഘോഷങ്ങളും ശ്രേഷ്ഠഭാഷാ വാരാചരണവും വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു.**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**